# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂത്തേടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 5/303/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 5/303/2023 തീയ്യതി: 09/03/2023

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 05-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. അബ്ദുൽ ജലീൽ ടി.പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീ.മുഹമ്മദ് സലീം ടി, അസി.ഓഡിറ്റ് ഓഫീസർ.
3) ശ്രീ. രാമകൃഷ്ണൻ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.ഉസ്മാൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാരാരാജ്.ആർ | സെക്രട്ടറി | 01-04-2021 | 20-12-2021 |
| ശ്രീ.ഡി.നൗഷാദലി | സെക്രട്ടറി | 03-01-2022 | 31-03-2022 |
| ശ്രീ.എസ്.അജയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-12-2021 | 02-01-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എസ്.അജയൻ | അസി. സെക്രട്ടറി | 01-04-2021 | 27-01-2022 |
| ശ്രീമതി.സുജ.എ.കെ | അസി. സെക്രട്ടറി | 28-01-2022 | 31-03-2022 |
| ശ്രീ.പ്രവീൺ.എം | അസി. എഞ്ചിനീയർ | 01-04-2021 | 30-06-2021 |
| ശ്രീ.രാകേഷ്.ആർ | അസി. എഞ്ചിനീയർ | 01-07-2021 | 24-12-2021 |
| ശ്രീമതി.സൗമ്യ.എം | അസി. എഞ്ചിനീയർ | 10-01-2022 | 31-03-2022 |
| ഒഴിവ് | അസി. എഞ്ചിനീയർ | 25-12-2021 | 09-01-2022 |
| ഡോ.നാഫിയ.കെ | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൽ റസാക്ക് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സജി തോമസ് | വെറ്ററിനറി സർജൻ | 01-04-2021 | 04-08-2021 |
| ഡോ.ഐശ്വര്യ.ജെ | വെറ്ററിനറി സർജൻ | 05-08-2021 | 12-12-2021 |
| ഡോ.ശ്യാം.എസ് | വെറ്ററിനറി സർജൻ | 13-12-2021 | 31-03-2022 |
| ശ്രീമതി.രേഷ്മ.ടി | കൃഷി ഓഫീസർ | 01-04-2021 | 18-12-2021 |
| ശ്രീമതി.രജനി.എം.കെ | കൃഷി ഓഫീസർ | 19-12-2021 | 31-03-2022 |
| ശ്രീമതി.ശാന്തകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 17-06-2021 |
| ശ്രീമതി.റഹ്മത്ത്.കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-06-2021 | 31-03-2022 |
| ശ്രീമതി.റീന അഗസ്റ്റി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 12-12-2021 |
| ശ്രീമതി.ഫൗസിയ.കെ | ഹെഡ്മിസ്ട്രസ്സ് | 13-12-2021 | 31-03-2022 |
| ശ്രീ.മനോജ്.കെ | വി ഇ ഒ | 01-04-2021 | 30-06-2021 |
| ശ്രീ.നിജാഷ്.എ | വി ഇ ഒ | 01-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സബ്ന ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന- അപാകതകൾ | 1-11 |
| 12 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകി;നഷ്ടം 8212 രൂപ. | 1-12 |
| 13 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-13 |
| 14 | നികുതി നിർണ്ണയം- വഴി സൗകര്യത്തിന്റെ നികുതി വർദ്ധനവ് കണക്കിലെടുത്തിട്ടില്ല. | 1-14 |
| 15 | അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല. | 1-15 |
| 16 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-16 |
| 17 | അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 18 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-18 |
| 19 | കുഴൽകിണർ നിർമ്മാണം - ചെലവഴിക്കാത്ത ഫണ്ട് തിരികെ ഈടാക്കേണ്ടതാണ്. | 1-19 |
| 20 | സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം - അപാകതകൾ | 1-20 |
| 21 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി )-വീട്ടു പണി പൂർത്തീകരിച്ചില്ല. | 1-21 |
| 22 | ഗോത്രസാരഥി പദ്ധതി - പൂർണ്ണമായി നടപ്പിലാക്കിയില്ല. | 1-22 |
| 23 | റിംഗ് കമ്പോസ്റ്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-23 |
| 24 | ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണം /അറ്റകുറ്റപണി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-24 |
| 25 | വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-25 |

| | | |
|---|---|---|
| 26 | ക്ഷേമ പെൻഷൻ -അപാകതകൾ | 1-26 |
| 27 | ഗുണഭോക്തൃ വിഹിതം പിരിവ്- രശീതികളിലെ ക്രമക്കേട്. | 1-27 |
| 28 | ലൈഫ് ഭവന നിർമ്മാണം (പട്ടികവർഗ്ഗം )- ആധാരം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജറാക്കിയില്ല. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകി ;നഷ്ടം 8212 രൂപ. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/19-02-2021 | 3/1-30-03-2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2022 | 20.08.2022 |

സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം തന്നെ വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,62,42,813.50 |
| വരവ് | 11,12,08,506 |
| ആകെ | 12,74,51,319.50 |
| ചെലവ് | 10,88,27,634 |
| നീക്കിയിരിപ്പ് | 1,86,23,685.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 2,11,56,864 | 2,11,56,864 | 2,00,86,655 | 10,70,209 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 47,48,484 | 47,48,484 | 42,51,000 | 4,97,484 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 27,09,234 | 27,09,234 | 25,11,680 | 1,97,554 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 1,54,20,550 | 1,54,20,550 | 1,41,50,856 | 12,69,694 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 79,58,091 | 79,58,091 | 40,44,462 | 39,13,629 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 43,46,000 | 43,46,000 | 39,20,890 | 4,25,110 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 1,14,91,257 | 1,14,91,257 | 39,11,746 | 75,79,511 |
| ബി ഫണ്ട് | 0 | 5,33,62,900 | 5,33,62,900 | 5,33,62,900 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 219 | 20,79,56,602 | 197 | 90967423 | 22 | 0 | 89.95 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24820 | 1090069 | 1114889 | 1105230 | 9659 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,51,17,476 | 3,51,17,476 | 3,51,17,476 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 78,74,100 | 513 |
| വിധവാപെൻഷൻ | 1,70,22,600 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 2,12,75,400 | 1540 |
| വികലാംഗപെൻഷൻ | 65,65,600 | 433 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,55,200 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2023 ന് 12.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11045/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. VEO, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
2. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് പുസ്തകത്തിൽ ബേങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവുകൾ (SBI 67179959363, 41026335513, TSB 001549) രേഖപ്പെടുത്തുന്നില്ല.
3.ആശ്രയ പദ്ധതി ഇനത്തിലുള്ള 2,62,069 രൂപ ബാക്കിയുള്ളതായി ഷെഡ്യൂൾ B4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക അഗതി രഹിതകേരളം പദ്ധതിക്ക് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല.
4. അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തിയ്യതി | കാലയളവ് | തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2022 | 2022 ഒക്ടോബർ | 25.11.2022 |
| എ.ജി ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2004-05 മുതൽ 2009-10 വരെ | 14.02.2011 |

## 1-11 വാർഷികകണക്ക് പരിശോധന- അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

4)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

5)Nationalised Bank Account Of Own Revevnue Fund ഇനത്തിൽ 2,65,576 രൂപ തനത് ഫണ്ട് തുക തെറ്റായി പ്രത്യേക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. (RP-40(b)യിൽ)അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.
6)മുൻവർഷത്തെ വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പ് തുക 1,62,42,373 രൂപയാണ്.എന്നാൽ തൻവർഷ വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് 1,62,42,813 രൂപയാണ് 500രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.
7) എം ജി എൻ ആർ ഇ ജി എസ് 2020-21 വർഷത്തിൽ നീക്കിയിരിപ്പ് തുക 6,93,237രൂപയാണ്.എന്നാൽ തൻവർഷ വാർഷികകണക്ക് പ്രകാരം മുന്നിരിപ്പ് 24,820രൂപയാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16 /2021-22/15.02.23 -മറുപടി ലഭ്യമാക്കിയില്ല.)

## 1-12 എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകി;നഷ്ടം 8212 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

1) വിവിധ അംഗനവാടികളുടെ പുനരുദ്ധാരണം 106/22

അടങ്കൽ: 6,30,000(M G -N R )

കരാറുകാരൻ: ഫൈസൽ പി

കരാർ: 27/AE/LSGD/MTDM/9-11-21

അളവ് പുസ്തകം: 17/21-22

ചെലവ്: 510225 ( ട്രഷറി ബിൽ നംപർ 67/21-22/15-3-22 )

പൂങ്കുളംകൈ, നെല്ലിപ്പോയിൽ എന്നീ അംഗനവാടികളുടെ പുനരുദ്ധാരണത്തിനുള്ളതാണ് മേൽ പദ്ധതി. ഇതിൽ പൂങ്കുളംകൈ അംഗനവാടിയുടെ പുനരുദ്ധാരണത്തിലെ ഇനം (9), DSR Code 10-25-2 പ്രകാരം ഗ്രിൽ, കോണി എന്നിവ സ്ഥാപിക്കുന്നതിനുള്ളതാണ്. അളവ് പുസ്തകം 10 മുതൽ 16 വരെ പേജിൽ ആയതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 6 Mm Dia കമ്പി ഉപയോഗിച്ച് ഗ്രിൽ സ്ഥാപിച്ചതിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ, 5 Mm കമ്പി ഉപയോഗിച്ചാണ് ഗ്രിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് 13-03-2013 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. 5 Mm Dia കമ്പി ഉപയോഗിച്ചതിന് 6 Mm Dia കമ്പിയുടെ നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ പ്രകാരം നൽകിയത് വഴി താഴെ പറയും പ്രകാരം 8212 രൂപയുടെ അധികച്ചെവ് ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ചെയ്ത അളവ് | 6 Mm പ്രകാരമുള്ള ഭാരം | 5 Mm | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| | അനുവദിച്ചത്(@ .22 Kg/മീറ്റർ | പ്രകാരമുള്ള ഭാരം (@ .159 Kg/മീറ്റർ | |
| 2 X 123 X1.63 | 88.21 | 63.755 | |
| 2 X 23 X 8.20 | 82.98 | 59.974 | |
| 1 X 25 X 5.50 | 30.25 | 21.862 | |
| 1 X 83 X 1.62 | 29.58 | 21.379 | |
| 1 X26 X 3.20 | 18.30 | 13.228 | |
| 1 X 47 X 1.62 | 16.90 | 12.106 | |
| 1 X 21 X 1.62 | 7.48 | 5.409 | |
| 1 X 27 X 1.35 | 8.01 | 5.795 | |
| 1 X 10 X 0.92 | 2.02 | 1.462 | |
| 1 X 13 X 0.95 | 2.71 | 1.963 | |
| 1 X 15 X 0.93 | 3.06 | 2.218 | |
| ആകെ | 289.50 | 209.151 | 80.349 |
| അധികം നൽകിയ തുക | 80.349 X 91.25 (Quoted Rate) | | 7331.84 |
| (+) 12 % G S T | | | 879.82 |
| ആകെ | | | 8211.66 രൂപ 8212 (Rounded) |

മറ്റ് അപാകതകൾ:

1) നെല്ലിപ്പോയിൽ അംഗനവാടിയിൽ ഇനം (10) പ്രകാരം 0.35 Mm കനത്തിലുള്ള Galvanised Iron Profile Sheet 93.79 M2 സ്ഥാപിച്ചതിന് 456.69/m2 നിരക്കിൽ 42832.96 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കനം രേഖപ്പെടുത്താത്ത ഷീറ്റ് ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളതെന്ന് 13-03-2013 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

2) അംഗീകൃത പ്രൊജക്ടിലെ ഖണ്ഡിക 27 പ്രകാരം തടപ്പറമ്പ്, കാട്ടിക്കല്ല് , വല്ലടിമുണ്ട എന്നീ അംഗനവാടികളുടെ പുനരുദ്ധാരണത്തിനുള്ളതാണ് മേൽ പദ്ധതി. എന്നാൽ, പൂങ്കുളംകൈ, നെല്ലിപ്പോയിൽ എന്നീ അംഗനവാടികളിലാണ് പുനരുദ്ധാരണപ്രവൃത്തി നടത്തിയിട്ടുള്ളത്. അംഗീകൃത പ്രൊജക്ടിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/14-2-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 8212 രൂപ പ്രവൃത്തിയുടെ അളവെടുത്ത (അളവെടുത്ത തീയതി:30-11-21) അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. (ഭാഗം 3 കാണുക)

## 1-13 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ

കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

21-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി**: PHC** ക്ക് ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം **(152/22)**

അടങ്കൽ: **1435323** രൂപ **(CFC** ഗ്രാന്റ്**)**

പൂർത്തീകരണകാലയളവ്: 6 മാസം ( TS പ്രകാരം )

(+) കോവിഡ് ഇളവ്: 6 മാസം

ആകെ: 12 മാസം

കരാറുകാരൻ: ശ്രീ വാസു എം

കരാർ : 75/19-20/9-12-19

PAC: 1025886 രൂപ

M Book : 49/19-20

പൂർത്തീകരിച്ചത്: 3-2-21 (അളവ് പുസ്തകം പേജ 38)

ചെലവ് - 100289 രൂപ

BRN-19151952033001094015/17-1-20: Rs 198122

BRN- 20151952033001393002/27-3-21: Rs 433386

BRN- 21151952033000545077/22-10-21: Rs 368781

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട | പൂർത്തീകരിച്ച | ഈടാക്കേണ്ടിയിരുന്ന |
|---|---|---|

| തിയ്യതി | തിയ്യതി. | പിഴ |
|---|---|---|
| 8-12-20 | 3-2-21 | വൈകിയത് : 57 ദിവസം.<br>ഈടാക്കേണ്ട പിഴ: 6497 രൂപ<br>(9-12-21 To 3-2-21 - @ 1% Of PAC<br>Ie 1025886 X 1% X 57/90= 6497 രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയത് മൂലമുള്ള നഷ്ടം 6497 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 4/10-2-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിലുള്ള 6497 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 നികുതി നിർണ്ണയം- വഴി സൗകര്യത്തിന്റെ നികുതി വർദ്ധനവ് കണക്കിലെടുത്തിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. ജിതിൻ ജയിംസ് എന്നവർക്ക് ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ റി.സ. നം 1186/2 എ/40112 നമ്പറിലുള്ള 202 ച.മീ സ്ഥലത്ത് 49.98 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചതിന് 12/178 B,C,D നമ്പറുകൾ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന്റെ സമീപമാണ്. എന്നാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ വിവരങ്ങൾ ചേർത്തപ്പോൾ, 5 മീറ്റർ വീതിയുള്ള വഴി സൗകര്യം എന്ന് രേഖപ്പെടുത്തുന്നതിന് പകരം 1.5 മീറ്റർ കൂടുതൽ വീതിയുള്ള വഴി സൗകര്യം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ചട്ടപ്രകാരം, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നികുതി കണക്കാക്കിയപ്പോൾ കണക്കിലെടുത്തിട്ടില്ല.

| കെട്ടിടനമ്പർ | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| 12/178 B | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- ഇല്ല<br>വസ്തുനികുതി- 667/- | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20% -133<br>വസ്തുനികുതി-800/- |
| 12/178 C | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- ഇല്ല<br>വസ്തുനികുതി- 667/- | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20% -133<br>വസ്തുനികുതി-800/- |
| 12/178 D | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- ഇല്ല<br>വസ്തുനികുതി- 667/- | വിസ്തീർണ്ണം- 16.66 ച.മീ<br>നികുതി നിരക്ക്- 40/-<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20% -133<br>വസ്തുനികുതി-800/- |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 12/14.02.2023 ന് മറുപടി ലഭിച്ചില്ല)

## 1-15 അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല.

2021-22 വർഷത്തിൽ പെർമിറ്റ്, റഗുലറൈസേഷൻ, കെട്ടിട നമ്പർ എന്നിവക്കായി സമർപ്പിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്ന് പ്ലോട്ടിൽ നിലവിലുള്ളതായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയതും സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണവും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ വിവരം | പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരം | സഞ്ചയ പ്രകാരം |
|---|---|---|
| ശ്രീ.ജിൻഷോ ജോർജ്, S/Oജോർജ്, B2-3278/21 തി. 01.11.2021 (പുതിയതായി നിർമ്മിച്ച 132.47ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം-കെട്ടിടനമ്പറിനുള്ള അപേക്ഷ) | Building 1 -9/52 (റസിഡൻഷ്യൽ) GF-100.80 ച.മീ FF- 100.00 ച.മീ ആകെ-200.80 ച.മീ | 9/52 - 115 ച.മീ (താഴത്തെ നില) |

നിലവിലുള്ള കെട്ടിടങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ തന്നെ അധിക നിർമ്മാണങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പ്ലാൻ സമർപ്പിക്കുമ്പോൾ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം പ്ലാനിൽ രേഖപ്പെടുത്തുന്ന അവസരത്തിൽ മാത്രമാണ് അധിക നിർമ്മാണം സംബന്ധിച്ച വിവരം അറിയാനിടയാവുന്നത്.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി / നിർമ്മാണം ക്രമവത്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപായി നിലവിലുള്ള കെട്ടിടങ്ങളിൽ അനധികൃതമായി നിർമ്മിച്ചവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നെങ്കിലും അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പെർമിറ്റ് അനുവദിച്ചതായി/നിർമ്മാണം ക്രമവത്കരിച്ചതായി കാണുന്നു. നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പുതിയ നിർമ്മാണത്തിന് അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങൾ പരിശോധന നടത്തി അസസ്മെന്റ് ചെയ്തതിനേക്കാൾ വിസ്തീർണമുണ്ടെങ്കിൽ നിയമാനുസൃതം നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ വാണിജ്യ / വ്യാവസായിക കെട്ടിടങ്ങളുടെ കാര്യത്തിലും നികുതി നഷ്ടം വരുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നതിനാൽ ഫീൽഡ് പരിശോധന കാര്യക്ഷമമാക്കി മറ്റു കെട്ടിടങ്ങളുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.കൂടാതെ പെർമിറ്റ്, റഗുലറൈസേഷൻ, നമ്പറിംഗ് ഫയലുകൾ പരിശോധിക്കുമ്പോൾ പ്ലോട്ടിൽ നിലവിൽ കെട്ടിടങ്ങളുണ്ടെങ്കിൽ ആയത് സഞ്ചയയുമായി താരതമ്യം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം പെർമിറ്റ് ഫീസ് ഇനത്തിലും വസ്തുനികുതി ഇനത്തിലും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുവാനുള്ള സാധ്യതയുണ്ട്.

(ഓഡിറ്റ് എൻക്വയറി 15/15.02.2023 ന് മറുപടി ലഭിച്ചില്ല)

## 1-16 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമായി.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു 3/11/ത.സ്വ.ഭ.വ,
2. 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ,
3. 24.07.2019 ലെഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ,

4. 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ,

5. 15.02.21 ലെ ഇ.ഡബ്ല്യു.എ3/179/2020ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കുലറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുൻപുതന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2021-22,2022- 23 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ രേഖകൾ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് ഇതുസംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അനുമതിയില്ലാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| ക്രസന്റ് യു.പി സ്കൂൾ കാരപ്പുറം | കെട്ടിട നമ്പർ 5/325 A<br>999.20 ച.മീ (479.07 +479.07+41.06) | 1029.07 ച.മീ |
| MMLP സ്കൂൾ പാലാങ്കര | കെട്ടിട നമ്പർ 3/267 A<br>253.47 ച.മീ | 644.06 ച.മീ |
| NICT ഇംഗ്ലീഷ് മീഡിയം സ്കൂൾ | കെട്ടിട നമ്പർ 11/311<br>320 ച.മീ | 565.74 ച.മീ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം

ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 9/14.02.2023 ന് മറുപടി ലഭിച്ചില്ല)

## 1-17 അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

ശ്രീ.മുഹമ്മദ് അഷറഫ് & ശ്രീ . അബ്ദുൽ റഷീദ് തിരുത്തിത്തൊടിക ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള റി.സ.നം 1266/1-51 ലെ 607 ച.മീ സ്ഥലത്ത് 400841/BPMCO 3/General/2020/48 തി. 07.10.2020 നമ്പർ പെർമിറ്റ് പ്രകാരം GF പൂർണ്ണമായും FF ഭാഗികമായും നിർമ്മാണം പൂർത്തീകരിച്ച 511.26 ച.മീ വിസ്തൃതിയുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ (A2-2591/21 തി.09.09.2021) പരിശോധിച്ച് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ വിവരം

GF- 268.00 ച.മീ

FF- 343.00 ച.മീ (Partially Completed)

SF- 22.00 ച.മീ

ആകെ- 633.00 ച.മീ

അംഗീകരിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

GF- 267.00 ച.മീ

FF- 224.07 ച.മീ (Partially Completed)

SF- 20.19 ച.മീ

ആകെ- 511.26 ച.മീ

കെട്ടിടത്തിന് താഴെപ്പറയും പ്രകാരം കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 4/536 G | 125.95<br>GF |
| 4/536 H | 12.59<br>GF |
| 4/536 I | 51.71<br>GF |
| 4/536 J | 5.54<br>GF |
| 4/536K | 70.80<br>GF |
| 4/536 L | 122.13<br>FF |
| 4/536 M | 122.13<br>FF |

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച , കെട്ടിട നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, മേൽ കെട്ടിടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാനിധ്യത്തിൽ 14.02.2023 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1).400841/BPMCO 3/General/2020/48 തി. 07.10.2020 നമ്പർ പെർമിറ്റ് പ്രകാരം GF,FF നിർമ്മാണം പൂർത്തിയാക്കിയതായും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും കണ്ടു. ( പ്ലാനിൽ Partially Completed FF എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

2).ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ കെട്ടിടത്തിൽ രണ്ടാം നില നിർമ്മിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റെ SF നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. FF ൽ നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിന് നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നികുതി നിർണ്ണയ വിവരവും ലഭ്യമാക്കേണ്ടതാണ്. കെട്ടിടം പരിശോധിച്ച് അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ച-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2019 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ശ്രീ. കമാലുദ്ദീൻ , എന്നവർക്ക് സൂപ്പർമാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ച പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|
| 147/21-22 മാനേജിംഗ് പാർട്ണർ, ലിംസ് സൂപ്പർ മാർക്കറ്റ് | സൂപ്പർമാർക്കറ്റ് നടത്തുന്നതിന് | 4/536 G,H,I | ശ്രീ. അബ്ദുൽ റഷീദ് ,തിരുത്തി തൊടിക & ശ്രീ.മുഹമ്മദ് അഷറഫ് |

എന്നാൽ കെട്ടിടത്തിലെ 4/536 K, L എന്നീ കെട്ടിട നമ്പർ ഒഴികെയുള്ള GF, FF ഭാഗം മുഴുവൻ ( 4/536 G, H, I, J, M +പ്ലാനിൽ Partially Completed FF എന്ന് കാണിച്ച ഭാഗം ഉൾപ്പടെ) ലിംസ് സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് കെട്ടിടം പരിശോധിച്ച സമയത്ത് ബോധ്യപ്പെട്ടു. കൂടാതെ 4/536 G,H,I എന്നീ റൂമുകളിൽ പ്രവർത്തിക്കുന്നതിനാണ് ലിംസ് സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നതിനായി 2022-23 ലും ലൈസൻസ് അനുവദിച്ചിട്ടുള്ളത് (ലൈസൻസ് നം.204/22-23/B1/2903/2022 തി. 31.08.2022).

'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ- ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 60 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 80 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ലൈസൻസ് അനുവദിക്കേണ്ടിയിരിക്കുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ നികുതി കുറവും സംഭവിക്കുന്നതായി കാണുന്നു.

(ഓഡിറ്റ് എൻക്വയറി 11/14.02.2023 ന് മറുപടി ലഭിച്ചില്ല)

## 1-18 മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെയും ലഭിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| പി.എച്ച്.സി യിലേക്ക് മരുന്ന് (52/22) | 1000000/- (800000/- റോഡിതരം+ 200000 തനതുഫണ്ട്)<br>ബി.നം 17/21-22 /12.11.2021-800000/- | ആകെ- 892626/- (746340 + 146286) | 107374/- (53660 + 53714) |

| | | | |
|---|---|---|---|
| | ചെ.നം.<br>0931687/20.11.2021-<br>200000/-<br>PRF.<br>2587/08.10.2021-800000/-<br>PRF.<br>2534/06.10.2021-200000/- | | |
| പാലിയേറ്റീവ് പരിചരണം (29/22) | 300000/- (വികസന ഫണ്ട് ജനറൽ)<br>ബി.നം. 14/21-22 /13.10.2021<br>PRF. 2169/18.09.2021 | ആകെ-232864 /- | 67136/- |

അവശേഷിക്കുന്ന 1,74,510/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 8/ 14.02.2023 ന് മറുപടി ലഭിച്ചില്ല)

## 1-19 കുഴൽകിണർ നിർമ്മാണം - ചെലവഴിക്കാത്ത ഫണ്ട് തിരികെ ഈടാക്കേണ്ടതാണ്.

24.1.2022 ൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ ബാലംകുളം, കരിക്കുന്ന് അംഗനവാടികളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനു 2017-18 ൽ നൽകിയ 82650 രൂപയിൽ 16789 രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനു 157597 രൂപ കൂടി അടവാക്കണമെന്നും ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നമ്പർ 137/22 നമ്പർ പ്രൊജക്റ്റ് ഫണ്ടിൽനിന്നാണ് വൗച്ചർ നമ്പർ 22100984/18.2.22 പ്രകാരം 157597 രൂപ നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/8.2.23 നു നൽകിയ മറുപടിയിൽ ഈ തുക ബാലംകുളം, കരിക്കുന്ന് അംഗനവാടികളിലെ കുഴൽകിണർ നിർമ്മാണത്തിനു നൽകിയതാണെന്നും അതിൽ 120296 രൂപ കൂടി ചെലവഴിച്ച് ബാലംകുളം അംഗനവാടിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ച് ഭൂജലവകുപ്പ് ജില്ലാ ഓഫീസർ നൽകിയ കത്തിന്റെ പകർപ്പ് ഹാജരാക്കി. അത് പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന 103162 രൂപയുടെ കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| 2017-18 ൽ നൽകിയത് | 82650 |
| 2021-22 ൽ നൽകിയത് | 157597 |
| ആകെ | 240247 |
| ചെലവഴിച്ചത് (16789 + 120296) | 137085 |

| | |
|---|---|
| ബാലൻസ് | 103162 |

കരീക്കുന്ന് അംഗനവാടി കോമ്പൗണ്ടിൽ റോട്ടറി വർക്ക് വഴി കുഴൽ കിണർ കുഴിക്കാൻ സാധ്യമല്ല എന്നും ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കാൻ സാധ്യമല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-20 സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം - അപാകതകൾ

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം പ്രൊജക്ടുകളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) പദ്ധതിയുടെ ഭാഗമായി വിവിധ കുടുംബശ്രീ യൂനിറ്റുകളും, മാവേലി സ്റ്റോറും പഞ്ചായത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുമായൊന്നും പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

2) പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

3) പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വ്യത്യസ്ത കുടുംബശ്രീ യൂനിറ്റുകളാണ് ഉത്പാദിപ്പിച്ചിരിക്കുന്നത്. ഈ ഉൽപന്നം വിതരണം ചെയ്യുന്നത് സംബന്ധിച്ചോ വില സംബന്ധിച്ചോ സർക്കാർ തീരുമാനം ലഭ്യമല്ല.

4) 2021-22 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത ന്യൂട്രിമാം, ഗ്രാവി പ്രോ എന്നീ ഭക്ഷ്യ സാധനങ്ങൾക്ക് കിലോ ഗ്രാമിന് വ്യത്യസ്ത നിരക്കിൽ വിലയീടാക്കിയതായി കാണുന്നു.

| ന്യൂട്രിമാം | കുറിപ്പ് |
|---|---|
| @ 325/ Kg (നികുതി കൂടാതെ) | അനന്തംന്യൂട്രിമിക്സ് യൂനിറ്റിന്റെ 6.10.2021 ലെ ഇൻവോയ്സ് 51 |
| @ 238.1/ Kg (നികുതി കൂടാതെ) | അനന്തംന്യൂട്രിമിക്സ് യൂനിറ്റിന്റെ 3.11.2021 ലെ ഇൻവോയ്സ് 58 |
| ഗ്രാവി പ്രോ | |
| @ 300/ Kg (നികുതി കൂടാതെ) | നവജീവൻ ന്യൂട്രിമിക്സ് യൂനിറ്റിന്റെ 1.7.2021 ലെ ഇൻവോയ്സ് 28 |
| @ 238.1/ Kg (നികുതി കൂടാതെ) | നവജീവൻ ന്യൂട്രിമിക്സ് യൂനിറ്റിന്റെ 1.12.2021 ലെ ഇൻവോയ്സ് 85 |

ഒരേ വർഷത്തിൽ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ഇത്തരത്തിൽ വ്യത്യസ്ത വിലകൾ ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതും , ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്യുന്നതിനും അതിനു നൽകാവുന്ന വില സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/8.2.23 ക്ക് ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്യുന്നതിനും, ആയതിന്റെ വില നിശ്ചയിച്ചുമുള്ള ശിശുവികസന വകുപ്പ്

മലപ്പുറം ജില്ലാ ആഫീസറുടെ നടപടി ഉത്തരവിന്റെ പകർപ്പാണ് ലഭ്യമാക്കിയത്. മേൽസൂചിപ്പിച്ച 1,2,3 അപാകതകൾ പരിഹരിക്കേണ്ടതാണ്.

.

## 1-21 ലൈഫ് ഭവനപദ്ധതി (പട്ടികജാതി )-വീടു പണി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം.13/22

ലൈഫ് ഭവനപദ്ധതി (പട്ടികജാതി)

വിനിയോഗിച്ച തുക – 1,04,00,000 രൂപ

പ്ലാൻ (എസ് സി പി ) - 20,00,000 രൂപ

സ്റ്റേറ്റ് ഷെയർ - 84,00,000 രൂപ

ബിൽ നം. 1/21-22/08.06.21 – 9,20,000രൂപ

ബിൽ നം. 2/21-22/28.08.21 – 2,80,000രൂപ

ബിൽ നം. 40/21-22/04.03.22 – 8,00,000രൂപ

വൗച്ചർ നം.22100430/18.11.21 – 8,00,000രൂപ

വൗച്ചർ നം.22100323/01.10.21 – 21,00,000രൂപ

വൗച്ചർ നം.22100707/09.03.22 – 11,00,000രൂപ

